# പക്ഷപാതിത്വത്തിന്റെ ഇരകളാകാതിരിക്കുക

**എം. എം. അക്ബർ**

അമുസ്ലിംകൾക്ക് ഇസ്ലാമിനെ പരിചയപ്പെടുത്തുന്നതിന്നു വേണ്ടി 'നിച്ച് ഓഫ് ട്രൂത്ത്' സംഘടിപ്പിച്ച ഒരു വേദി. നിരവധി അമുസ്ലിംകൾ പങ്കെടുത്ത പരിപാടിയിലെ വിഷയാവതരണത്തിനു ശേഷം ഇസ്ലാമിനെ അടുത്തറിയുവാനും വിമർശനങ്ങളുന്നയിച്ച് മറുപടി കണ്ടെത്തുവാനും വേണ്ടിയുള്ള അവസരം. ഒട്ടനവധി അമുസ്ലിംകൾ ഇസ്ലാമുമായി ബന്ധപ്പെട്ട ചോദ്യങ്ങളുന്നയിച്ചു. മറുപടിയിൽ സംതൃപ്തരായവരും അസംതൃപ്തരായവരുമുണ്ടാകാം. അത് സ്വാഭാവികമാണല്ലോ. ഏതാനും ചോദ്യങ്ങൾക്കുശേഷം ഒരു മുസ് ലിം സഹോദരൻ ഖുർആനിനെ വിമർശിച്ചുകൊണ്ട് ഒരു ചോദ്യമുന്നയിച്ചു. ഖുർആനിൽ ഭാഷാദോ ഷമുണ്ടെന്നും വിരസമായ ആവർത്തനങ്ങളും വ്യാകരണത്തെറ്റുകളുമെല്ലാം ഉണ്ടെന്നും സമർഥിച്ചു കൊ ണ്ടായിരുന്നു ചോദ്യം. പ്രസ്തുത ചോദ്യത്തിന്റെ സ്വരത്തിൽനിന്നും നിവർത്തിവെച്ച ആശയങ്ങളിൽ നിന്നും തന്റെ പാണ്ഡിത്യപ്രകടനം നടത്തുകയാണ് ചോദ്യകർത്താവിന്റെ ലക്ഷ്യമെന്ന് തോന്നി.അതി ന്നനുസരിച്ചുള്ള ഒരു മറുപടിയും കൊടുത്തു.ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മുസ്ലിംകൾ നടത്തു ന്ന ഒരു ദിനപത്രത്തിൽ പ്രസ്തുത മറുപടിയെ വിമർശിച്ചുകൊണ്ട് ഒരു ലേഖനം കണ്ടു. ആ ലേഖനത്തിൽ നിന്ന് പ്രോഗ്രാമിലെ ചോദ്യം ആസൂത്രിതമായിരുന്നുവെന്നും ഉത്തരം പറയുന്നയാളോടുള്ള കക്ഷിവിരോ ധമായിരുന്നു ആ ചോദ്യത്തിന് പ്രേരകമെന്നും അയാൾ ഉത്തരം മുട്ടുന്നത് കാണുകയായിരുന്നു ലക്ഷ്യ മെന്നും വ്യക്തമായി മനസ്സിലാകുന്നുണ്ട്. ഖുർആൻ ദൈവികമല്ലെന്നും അതിൽ അബദ്ധങ്ങളും വ്യാകരണ ത്തെറ്റുകളുമെല്ലാമുണ്ടെന്നും ഇസ്ലാമിനെക്കുറിച്ച് അറിയാത്ത അമുസ്ലിംകളെയും ഖുർആൻ അവഗാഹമായി പഠിക്കാത്ത മുസ്ലിംകളെയും തെറ്റിദ്ധരിപ്പിച്ചായാലും തന്റെ കക്ഷിയിൽ അംഗത്വ മെടുക്കാത്ത ആളൊന്നു ഉത്തരം മുട്ടുന്നത് കാണണമെന്നും അയാളെ പരിഹസിക്കുവാനുള്ള അവസരമു ണ്ടാക്കണമെന്നും കരുതിയാണ് പ്രസ്തുത ചോദ്യം ഉന്നയിക്കപ്പെട്ടതെന്നു മനസ്സിലായപ്പോൾ വല്ലാത്ത സങ്കടം തോന്നി. 'മകൻ മരിച്ചാലും മരുമോളുടെ കണ്ണീര് കാണണം'എന്ന് കരുതുന്നവർ മുസ്ലിം പണ്ഡി തന്മാർക്കിടയിയിലും അല്ലാഹു തന്നെ സംരക്ഷണമേറ്റെടുത്ത സത്യമതത്തിന്റെ ജ്വാലയെ കെടുത്തുവാൻ ഒരായിരം പണ്ഡിത കേസരികൾ ഒന്നിച്ചാലും കഴിയില്ലെന്ന് പ്രസ്തുത ചോദ്യകർത്താവിന് തന്നെ മനസ്സിലായിക്കാണുമെന്നാണ് പ്രതീക്ഷ. അതിലുള്ള ജാള്യം പത്രത്തിലെ ലേഖനത്തിൽ പ്രതിഫലിച്ചു കാണുന്നുണ്ട്. പ്രബോധന പ്രവർത്തനങ്ങൾക്കായി തങ്ങളെക്കൊണ്ടാവുന്ന വിനീതമായ സേവനങ്ങൾ ചെയ്യണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് ചെയ്യാനുള്ളത് ഇവർക്കു വേണ്ടി പ്രാർത്ഥിക്കുകയാണ്. 'നാഥാ..... ഞങ്ങളെയും ഞങ്ങളുടെ സഹോദരങ്ങളെയും നീ നേർ മാർഗത്തിലൂടെ നയിക്കേണമേ.....'

നിരവധി മുസ്ലിം സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്, കേരളത്തിൽ. എല്ലാവർക്കും അവരുടേതായ ആശയങ്ങളുമുണ്ട്. ആശയസമർത്ഥനത്തിനായി ഖുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങളെ ഉപയോഗിക്കുന്നവരാണെല്ലാവരും. മുസ്ലിം സംഘടനകൾ തമ്മിലുള്ള ഭിന്നതകൾ കേവലം ശാഖാപരമായ പ്രശ്നങ്ങളിൽ ഒതുങ്ങുന്നതൊന്നുമല്ല. അടിസ്ഥാനപരം തന്നെയാണ് ഭിന്നതകളെങ്കിലും ഖുർആനും സുന്ന ത്തുമാകുന്ന പ്രമാണങ്ങളെ അംഗീകരിക്കുന്ന വരാണ് എല്ലാ മുസ്ലിം സംഘടനകളും (സുന്നത്ത് നിഷേധിക്കുന്നവർക്കുപോലും ഒരു 'ഖുർആൻ സുന്നത്ത്' ഉണ്ടല്ലോ!). ഈ പ്രമാണങ്ങളെ വ്യാഖ്യാനിക്കുകയും അവയിൽ നിന്ന് ആദർശവും ആചാരങ്ങളും സ്വീകരിക്കുകയും ചെയ്യേണ്ടത് എങ്ങനെയാണെന്ന പ്രശ്നത്തിലാണ് അഭിപ്രായവ്യത്യാസങ്ങളുടെ കാതൽ. എല്ലാവരുടെയും ആദർശങ്ങളുടെ അടിത്തറയായി എല്ലാവരും അംഗീകരിക്കുന്ന ഖുർ ആനിനെ പൊതുജനമധ്യത്തിൽവെച്ച് അപകീർത്തീകരിക്കുവാൻ ഒരു മുസ്ലിം ശ്രമിക്കുന്നതിനേക്കാൾ വലിയ പാതകമെന്തെങ്കിലുമുണ്ടോ? ആശയപരമോ ഭാഷാപരമോ ആയയാതൊരുവിധ സ്ഖലിതങ്ങളുമില്ലാത്ത ഗ്രന്ഥമാണ് ഖുർആൻ എന്ന വസ്തുത ജനങ്ങൾക്ക് മുമ്പിൽ തുറന്നുവെച്ച് സമർത്ഥിക്കേണ്ടവർ തന്നെ അന്ധമായ പക്ഷപാതിത്വത്തിന്റെയും അതിന്റെ അടിസ്ഥാനത്തിലുള്ള വെറുപ്പിന്റെയും പേരിൽ വിശുദ്ധദൈവവചനങ്ങളെ തമസ്കരിക്കാൻ ശ്രമിക്കുന്നത് എന്തുമാത്രം ജുഗുപ്സാവഹമല്ല!

ഓരോ സംഘടനയിൽ പ്രവർത്തിക്കുന്നവർക്കും അവരുടെ സംഘടനയോട് കൂറും സ്നേഹവുമുണ്ടായിരിക്കും; അത് ഉണ്ടായിരിക്കുകയും വേണം. ശരിയാണെന്ന് വിശ്വസിച്ച്

പ്രവർത്തിക്കുന്ന സംഘടനയോട് കൂറില്ലാതിരിക്കുന്നത് കാപട്യമാണല്ലോ. എന്നാൽ  സംഘടനയോടുള്ള കൂറോ സ്നേഹമോ സത്യമതത്തോടും അതിന്റെ പ്രമാണങ്ങളോടുമുള്ള പ്രതിബദ്ധതയുടെ മുകളിൽ വരാൻ ഒരിക്കലും അനുവദിച്ചുകൂടാ. അങ്ങനെ വരുമ്പോൾ ഖുർആൻ തോറ്റാലും തൻെറ സംഘടന വിജയിക്കണമെന്ന വിചാരമുണ്ടാവും; നബി (സ) മ്ലേഛമായി ചിത്രീകരിക്കപ്പെട്ടാലും തൻെറ കക്ഷി രക്ഷപ്പെടണമെന്ന ചിന്താഗതിയുമുണ്ടാവും. അത്യന്തം അപകടകരമായ കക്ഷിത്വമാണിത്. അല്ലാഹുവിനെയും പ്രവാചകനെയും ദൈവമാർഗത്തിലുള്ള ത്യാഗപരിശ്രമത്തെയുമാണ് ഒരു മുസ്ലിം ഏറ്റവുമധികം സ്നേഹിക്കേണ്ടത്. അതല്ലാത്തവർ അല്ലാഹുവിൻെറ നടപടിയെ ഭയപ്പെട്ടു കൊള്ളട്ടെ!

അല്ലാഹുവിൻെറ മുന്നറിയിപ്പ് ശ്രദ്ധിക്കുക: ‘‘പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവേക്കാളും അവൻെറ ദൂതനെക്കാളും അവൻെറ മാർഗത്തിലുള്ള സമരത്തേക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവൻെറ കൽപന കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല’’ (ഖുർആൻ 9:24).